2. കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് കേസിൽ മുൻ എക്സൈസ് മന്ത്രി ശ്രീ. എം ആർ. രഘുചന്ദ്രപാലിനും മറ്റു ചിലർക്കും എതിരെ പ്രോസിക്യൂഷൻ അനുവാദം നൽകിയിട്ടുണ്ട്.

3. കുരിയാർകുട്ടി, കാരപ്പാറ ഇറിഗേഷൻ പ്രോജക്ട് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച കേസിൽ മുൻ മന്ത്രി ശ്രീ. ടി. എം. ജേക്കബിനും മറ്റു ചിലർക്കുമെതിരെയുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. ഗവൺമെന്റ് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

4. കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇന്ത്യാ കമ്പനിക്ക് വൈദ്യുതി വിറ്റതിലെ ക്രമക്കേടുകൾ സംബന്ധിച്ച് മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ഈ കേസിലും സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. ഈ നാലു കേസുകളിലും മുൻമന്ത്രിമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഗവർണറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

ജസ്റ്റീസ് ഖാദർ കമ്മീഷൻ

109 (110) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് രൂപീകരിച്ച ജസ്റ്റീസ് ഖാദർ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ എന്തായിരുന്നു ;

(ബി) ഈ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആ റിപ്പോർട്ടിന്റെ പ്രധാന ശുപാർശ എന്താണ് ;

(സി) പിന്നോക്ക വിഭാഗക്കാർക്ക് സർവീസിലുള്ള പ്രാതിനിധ്യം സംബന്ധിച്ച അന്വേഷണത്തിന് ശ്രീ. സുന്ദരേശൻ ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിരുന്നുവോ ;

(ഡി) 1964-ൽ നിയോഗിച്ച ഈ കമ്മറ്റി ഉദ്യോഗസ്ഥന്റെ അന്വേഷണ വിഷയങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങൾ വിശദമാക്കാമോ ;

(എഫ്) ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ജസ്റ്റീസ് ഖാദർ കമ്മീഷൻ എന്നൊരു കമ്മീഷൻ രൂപീകരിച്ചിട്ടില്ല. റിട്ടയേർഡ് ജസ്റ്റീസ് ഖാദർ സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷന്റെ ചെയർമാനായിരുന്നു. ഈ കമ്മീഷൻ വിവിധ പിന്നോക്ക വിഭാഗങ്ങളെ പിന്നോക്ക വിഭാഗ ലിസ്റ്റിൽപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച്, ഇത്തരം 18 കേസ്സുകളിൽ സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ

110 (111) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ ഉൾപ്പെടെയുള്ള സംവരണ പ്രശ്നങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് നരേന്ദ്രനെ നിയമിച്ചത് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരമാണോ ; അല്ലെങ്കിൽ കാരണമെന്ത് ;

(ബി) ജസ്റ്റീസ് നരേന്ദ്രനെത്തന്നെ പൊതുമേഖലാസ്ഥാപനങ്ങളിലും സർക്കാർ സർവ്വീസിലും പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യത്തെ കുറിച്ച് പഠിക്കാനുള്ള കമ്മീഷന്റെ അദ്ധ്യക്ഷനാക്കിയിട്ടുണ്ടോ ;

(സി) നിയമനത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് ജസ്റ്റീസ് നരേന്ദ്രൻ സർക്കാരിന് എന്തെങ്കിലും കത്തുകൾ അയച്ചിട്ടുണ്ടോ ;

(ഡി) വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുള്ള ഒരു വിഷയത്തെ സംബന്ധിച്ച് നിയമിക്കപ്പെടുന്ന ഒരു കമ്മീഷൻ എക്സിക്യൂട്ടീവ് ഉത്തരവ് വഴി നിയമിക്കപ്പെടാൻ ആവശ്യമായ രേഖകൾ വരുത്തുന്നതിനും സാക്ഷികളെ അമൾ ചെയ്യുന്നതിനും സാധിക്കുകയില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല. പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കാൻ നിയമിക്കപ്പെട്ട കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരമാണ് നിയമിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly